## പതിമൂന്നാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2378 19.06.2013- ൽ മറുപടിയ്ക്ക്

### മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രികൾ

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. ഇ. പി. ജയരാജൻ:** | | **ശ്രീ. വി. എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി** |
| (എ) സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്ത്രീകളുടെയും കുട്ടികളുടെയും എത്ര ആശുപത്രികളാണുള്ളത് ; അവ ഏതെല്ലാം ; | (എ) | സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ സ്ത്രീകളുടെയും കുട്ടികളുടെയും 3 ആശുപത്രി-കളാണുള്ളത്. (1) ശ്രീ. അവിട്ടം തിരുനാൾ ആശുപത്രി, തിരുവനന്തപുരം (2) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ചൈൽഡ് ഹെൽത്ത്, കോട്ടയം (3) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെറ്റേണൽ ആന്റ് ചൈൽഡ് ഹെൽത്ത്, കോഴിക്കോട് എന്നിവയാണ് അവ. |
| (ബി) 2011 ജൂൺ 1 മുതൽ 2013 മേയ് 30 വരെ ഓരോ ആശുപത്രികളിലും എത്ര പ്രസവങ്ങൾ നടക്കുകയുണ്ടായി; | (ബി) | 2011 ജൂൺ 1 മുതൽ 2013 മേയ് 30 വരെ എസ്.എ.റ്റി.ആശുപത്രിയിൽ 18424 ഉം, കോട്ടയം ഐ.സി.എച്ചിൽ 9261 ഉം, കോഴിക്കോട് ഐ.എം.സി. എച്ചിൽ 28372 ഉം പ്രസവങ്ങൾ നടന്നിട്ടുണ്ട്. |
| (സി) ഓരോ ആശുപത്രിയിലും ഈ കാലയളവിൽ നടന്ന പ്രസവങ്ങളിൽ എത്രയെണ്ണം സാധാരണ പ്രസവമായിരുന്നു വെന്നും എത്രയെണ്ണം സിസേറിയൻ ആയിരുന്നുവെന്നും വ്യക്തമാക്കുമോ ; | (സി) | എസ്.എ.റ്റി. ആശുപത്രിയിൽ 11810 സാധാരണ പ്രസവവും 6614 സിസേറിയനും, ഐ.സി.എച്ചിൽ 5962 സാധാരണ പ്രസവവും 3299 സിസേറിയനും, ഐ.എം.സി. എച്ചിൽ 18834 സാധാരണ പ്രസവവും 9538 സിസേറിയനും നടന്നിട്ടുണ്ട്. |
| (ഡി) ഈ കാലയളവിൽ ഓരോ ആശുപത്രിയിലും എത്ര നവജാത ശിശുക്കൾ മരണപ്പെട്ടുവെന്ന് വ്യക്തമാക്കുമോ; | (ഡി) | എസ്.എ.റ്റി. ആശുപത്രിയിൽ IBN-ൽ 406 ഉം, OBN-ൽ 307 ഉം ഉൾപ്പെടെ 713 ഉം, ഐ.സി.എച്ചിൽ മൊത്തം 117 ഉം, ഐ.എം.സി. എച്ചിൽ IBN-ൽ 1411 ഉം, OBN-ൽ 524 ഉം ഉൾപ്പെടെ 1935 ഉം നവജാത ശിശുക്കൾ മരണപ്പെട്ടിട്ടുണ്ട്. |
| (ഇ) പ്രസ്തുത കാലയളവിൽ ഈ ആശുപത്രിയിലെ പ്രസവമുറിയിൽ എത്ര തവണ ഫ്യൂമിഗേഷൻ നടത്തുകയുണ്ടായെന്ന് വ്യക്തമാക്കുമോ? | (ഇ) | എസ്.എ.റ്റി. ആശുപത്രിയിൽ 36 തവണയും, ഐ.സി.എച്ചിൽ 6 തവണയും താൽക്കാലിക അണുനശീകരണം ആഴ്ചയിലൊരിക്കൽ എന്ന നിലയിലും ഐ.എം.സി.എച്ചിൽ ആഴ്ചയിലൊരിക്കലും ഫ്യൂമിഗേഷൻ പ്രസ്തുത കാലയളവിൽ നടത്തുകയുണ്ടായി |

സെക്ഷൻ ഓഫീസർ